## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 290** **22.6.2012-ന് മറുപടിക്ക്**

### സ്വകാര്യ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>,, കെ. മുരളീധരൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ ഉറവിടമാലിന്യ സംസ്കരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) സമ്പൂർണ്ണ ശുചിത്വം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉറവിടത്തിൽ തന്നെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിലേക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും നൽകി വരുന്നു. മാലിന്യങ്ങൾ ഉൽഭവ സ്ഥാനത്തുതന്നെ, വിശേഷിച്ച് ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഊന്നൽ നൽകിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി വരുന്നത്. |
| ബി) സ്വകാര്യ സ്ഥാപനങ്ങളുടെ നിർവ്വചനത്തിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉൾപ്പെടുന്നത്; | ബി) സർക്കാർ സ്ഥാപനങ്ങളല്ലാത്ത എല്ലാം സ്വകാര്യ സ്ഥാപനങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. |
| സി) പ്രസ്തുത സ്ഥാപനങ്ങളിലെ ഉറവിടമാലിന്യസംസ്ക്കരണത്തിന് സഹായങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കുമോ; | സി) തിരുവനന്തപുരം നഗരത്തിലെ ഫ്ളാറ്റുകളിൽ മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കുന്നതിലേക്ക് ഫ്ളാറ്റ് ഒന്നിന് 500 രൂപയോ, ഫ്ളാറ്റ് സമുച്ചയത്തിനു മിനിമം 15,000/- രൂപയോ നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. വീടുകളിലും |

സ്ഥാപനങ്ങളിലും
ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ
സ്ഥാപിക്കാനുള്ള തദ്ദേശസ്വയംഭരണ
സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് 75% വരെ
സബ്സിഡി തദ്ദേശസ്വയംഭരണ
സ്ഥാപനങ്ങളും ശുചിത്വമിഷനും
സംയുക്തമായി നൽകി വരുന്നു.
കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 2012-13ൽ
സബ്സിഡി 90% ആയി ഉയർത്തിയിട്ടുണ്ട്.

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്? | ഡി) വികേന്ദ്രീകരണ മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി വീടുകളിൽ നടപ്പിലാക്കുന്നതിനും സർക്കാർ സ്ഥാപനങ്ങളിലും മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും ഫ്ളാറ്റുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക സഹായവും സർക്കാർ അംഗീകരിച്ചിട്ടുള്ള സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ